# വിദേശകാര്യ മന്ത്രിയുടെ റഷ്യ സന്ദർശനം (ഡിസംബർ 25-29, 2023)

ഡിസംബർ 24, 2023

ഇന്ത്യയും റഷ്യയും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ഉന്നത തല സഹകരണത്തിന്റെ ഭാഗമായി 2023 ഡിസംബർ 25-29 തീയതികളിൽ വിദേശകാര്യ മന്ത്രി ശ്രീ. എസ്. ജയശങ്കർ റഷ്യ സന്ദർശിക്കും.

2. സന്ദർശന കാലയളവിൽ, റഷ്യൻ ഉപപ്രധാനമന്ത്രിയും വ്യവസായ-വ്യാപാര മന്ത്രിയുമായ ശ്രീ. ഡെനിസ് മന്റുറോവുമായി കൂടിക്കാഴ്ച നടത്തുകയും സാമ്പത്തിക സഹകരണം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യും. ഉഭയകക്ഷി, ബഹുകക്ഷി, അന്താരാഷ്ട്ര വിഷയങ്ങളിലുള്ള ചർച്ചകൾക്കായി റഷ്യൻ വിദേശകാര്യ മന്ത്രി ശ്രീ. സെർജി ലാവ്‌റോവിനെയും വിദേശകാര്യ മന്ത്രി കാണും.

3. രണ്ട് രാജ്യങ്ങളിലെയും ജനങ്ങൾക്കിടയിലുള്ള ബന്ധവും സാംസ്കാരിക സഹകരണവും ശക്തമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള വിദേശകാര്യ മന്ത്രിയുടെ സന്ദർശന പരിപാടിയിൽ മോസ്കോ, സെന്റ്. പീറ്റേഴ്സ്ബർഗ് സന്ദർശനവും ഉൾപ്പെടും..

4. ഇന്ത്യ-റഷ്യ പങ്കാളിത്തം സുസ്ഥിരവും ശക്തവുമായി കാലങ്ങളായി നിലകൊള്ളുന്നതാണ്, പ്രത്യേകവും തന്ത്രപ്രധാനവുമായ പങ്കാളിത്തത്തിന്റെ സ്വഭാവം ഉൾക്കൊണ്ട് മാറ്റമില്ലാതെ തുടരുകയും ചെയ്യുന്നു.

**ന്യൂഡൽഹി**
**ഡിസംബർ 24, 2023**